# കേരള ഹൈക്കോടതി

വെബ്സൈറ്റ്: www.hckrecruitment.nic.in
ഇ-മെയിൽ: recruitment.hckerala@nic.in

ഫോൺ : 0484-2562235
ഫാക്സ് : 0484-2391720
കൊച്ചി : 682 031

REC 1 -37749/2021

തീയതി : 30-08-2022

## വിജ്ഞാപനം

കേരള ഹൈക്കോടതിയിൽ താഴെപറയുന്ന തസ്തികയിലേക്കുള്ള നിയമനത്തിനായുള്ള എൻ.സി.എ & റെഗുലർ ഒഴിവുകളിലേക്ക് ഇന്ത്യൻ പൗരന്മാരായ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കേരള ഹൈക്കോടതിയുടെ റിക്രൂട്ട്മെന്റ് പോർട്ടൽ (www.hckrecruitment.nic.in) മുഖേന അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കാവുന്നതാണ്. മറ്റൊരു രീതിയിലും ഉള്ള അപേക്ഷകൾ സ്വീകരിക്കപ്പെടുന്നതല്ല.

1. **തസ്തികയുടെ പേര് : ഷോഫർ ഗ്രേഡ് II**

2. **ശമ്പള സ്കെയിൽ : ₹ 26500-60700**

3 **ഒഴിവുകളുടെ എണ്ണവും റാങ്ക് ലിസ്റ്റിന്റെ കാലാവധിയും:**

| റിക്രൂട്ട്മെന്റ് നമ്പർ | ഒഴിവുകളുടെ എണ്ണം | നിയമന രീതി |
|---|---|---|
| 12/2022<br>(21.06.2019 – 20.06.2021 തിരഞ്ഞെടുപ്പ് വർഷത്തിലെ ഒന്നാം എൻ.സി.എ. വിജ്ഞാപനം) | ഹിന്ദു നാടാർ - 1 | നേരിട്ടുള്ള നിയമനം<br>(കേരള സംസ്ഥാനത്തെ പ്രസ്തുത സമുദായത്തിൽ പ്പെടുന്ന ഉദ്യോഗാർത്ഥികളായിരിക്കണം) |
| 13/2022 | 18<br>(പ്രതീക്ഷിത ഒഴിവുകൾ അടക്കം) | നേരിട്ടുള്ള നിയമനം (റെഗുലർ) |

**കുറിപ്പ്:** മുകളിൽ പറഞ്ഞ ഓരോ റിക്രൂട്ട്മെന്റ് നമ്പറിനും വെവ്വേറെ റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. റിക്രൂട്ട്മെന്റ് നമ്പർ 12/2022 ലെ എൻ.സി.എ ഒഴിവിലേക്ക് തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രസ്തുത സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ വിജ്ഞാപനം ചെയ്യപ്പെട്ട ഒഴിവിലേക്ക് നിയമിക്കുന്നതു വരെ മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. റിക്രൂട്ട്മെന്റ് നമ്പർ 13/2022 പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് രണ്ടുവർഷമോ അതോ ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ അതുവരെയോ നിലവിലിരിക്കുന്നതാണ്.

4. **പ്രായ പരിധി:**

i) ഉദ്യോഗാർത്ഥികൾ 02/01/1986 നും 01/01/2004 നും ഇടയിൽ (രണ്ടു തീയതികളും ഉൾപ്പെടെ) ജനിച്ചവരായിരിക്കണം.

ii) മറ്റു പിന്നാക്ക സമുദായങ്ങളിൽ പ്പെട്ട ഉദ്യോഗാർത്ഥികൾ 02/01/1983 നും 01/01/2004 നും ഇടയിൽ (രണ്ടു തീയതികളും ഉൾപ്പെടെ) ജനിച്ചവരായിരിക്കണം.

iii) പട്ടികജാതി/പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02/01/1981 നും 01/01/2004 നും ഇടയി ൽ (രണ്ടു തീയതികളും ഉൾപ്പെടെ ) ജനിച്ചവരായിരിക്കണം.

iv) നിയമനത്തിനുള്ള യോഗ്യതയ്ക്കായി പ്രായം കണക്കാക്കുമ്പോൾ വിമുക്തഭടന്മാർക്കും വിമുക്ത ജനറൽ റിസർവ് എഞ്ചിനീയറിംഗ് സേനാംഗങ്ങൾക്കും ടെറിട്ടോറിയൽ ആർമിയിൽ നിന്നും പിരിച്ചുവിടപ്പെട്ട വർക്കും 50 വയസ്സ് പൂർത്തിയായിരിക്കാൻ പാടില്ല എന്ന വ്യവസ്ഥക്ക് വിധേയമായി അവരവരുടെ സേനയിലുള്ള സേവനകാലവും സേനയിൽ നിന്നും പിരിഞ്ഞതിനു ശേഷം തൊഴിൽ ഇല്ലാതിരിക്കുന്ന കാലയളവിൽ പരമാവധി അഞ്ച് വർഷത്തോളവും ഒഴിവാക്കുന്നതാണ് .

v) വിധവകൾ ആയ ഉദ്യോഗാർത്ഥികൾക്ക് 50 വയസ്സ് പൂർത്തിയായിരിക്കാൻ പാടില്ല എന്ന വ്യവസ്ഥക്ക് വിധേയമായി പ്രായപരിധിയി ൽ 5 വർഷം ഇളവ് അനുവദിക്കുന്നതാണ് .

5. **യോഗ്യതകൾ :** 1.എസ്.എസ്.എൽ.സി. 2. ലൈറ്റ് മോട്ടോർ വെഹിക്കിൾ ഡ്രൈവിംഗ് ലൈസൻസ്.

**കുറിപ്പ്:**

1. ആവശ്യപ്പെടുന്ന എല്ലാ യോഗ്യതകളും STEP-II ന് നിശ്ചയിച്ചിട്ടുള്ള അവസാന തീയതിയിലോ അതിനുമുമ്പോ ഉദ്യോഗാർത്ഥി ആർജ്ജിച്ചവയായിരിക്കണം
2. സ്റ്റെപ് II അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയിലും എഴുത്തു പരീക്ഷ, പ്രായോഗിക പരീക്ഷ, അഭിമുഖം എന്നിവ നടത്തപ്പെടുന്ന തീയതികളിലും ഡ്രൈവിംഗ് ലൈസൻസിന് പ്രാബല്യമുണ്ടായിരിക്കണം.
3. ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾ പ്രസ്തുത തസ്തികയിലേക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

6. **തിരഞ്ഞെടുപ്പ് രീതി**:

(i) എഴുത്തു പരീക്ഷ, പ്രായോഗിക പരീക്ഷ (ഡ്രൈവിംഗ് പരീക്ഷ), അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും തിരഞ്ഞെടുപ്പ്. എഴുത്തു പരീക്ഷ ഒബ്ജക്ടീവ് മാതൃകയിലുള്ളതും 100 ചോദ്യങ്ങൾ അടങ്ങിയതുമായിരിക്കും. പരീക്ഷ വിഷയങ്ങൾ പൊതുവിജ്ഞാനം, വർത്തമാനകാല സംഭവങ്ങൾ, ട്രാഫിക്/ഡ്രൈവിംഗ് നിയമങ്ങൾ എന്നിവയെ അടിസ്ഥാനപ്പെടുത്തിയായിരിക്കും.

(ii) രേഖപ്പെടുത്തപ്പെട്ട ഒഴിവുകളുടെ എണ്ണം, മുൻലിസ്റ്റിൽ നിന്നും നിയമിക്കപ്പെട്ട ഉദ്യോഗാർത്ഥികളുടെ എണ്ണം, തസ്തികയുടെ സ്വഭാവം എന്നിവ കണക്കിലെടുത്ത് പ്രായോഗിക പരീക്ഷയ്ക്കുള്ള ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടേണ്ട ഉദ്യോഗാർത്ഥികളുടെ എണ്ണം ഹൈക്കോടതി നിശ്ചയിക്കുന്നതാണ്.

(iii) അഭിമുഖത്തിന് 25 മാർക്ക് ആയിരിക്കും. റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തപ്പെടാൻ അഭിമുഖത്തിന് കുറഞ്ഞ പക്ഷം 20% മാർക്ക് നേടിയിരിക്കണം .

7. **അപേക്ഷാ ഫീസ്:** ₹ 500/-. പട്ടികജാതി/പട്ടികഗോത്രവർഗ്ഗം ഉദ്യോഗാർത്ഥികൾ അപേക്ഷാഫീസ് അടക്കേണ്ടതില്ല. അപേക്ഷാഫീസ് അടക്കുന്നതിന് സിസ്റ്റം ജനറേറ്റഡ് ഫീ പേയ്മെന്റ് ചെല്ലാൻ ഉപയോഗിക്കുകയോ ഡബിറ്റ് കാർഡ് /ക്രെഡിറ്റ് കാർഡ് / നെറ്റ് ബാങ്കിംഗ് എന്നീ മാർഗ്ഗങ്ങളിലൂടെ ഓൺ ലൈനായോ ചെയ്യാവുന്നതാണ്. അപേക്ഷ ഫീസ് അടയ്ക്കുമ്പോൾ ബാങ്ക് നിശ്ചയിച്ചിട്ടുള്ള നിരക്കുകൾ, ബാധകമെങ്കിൽ, ഉദ്യോഗാർത്ഥി വഹിക്കേണ്ടതാണ് .

8. പരീക്ഷാ കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും ഉണ്ടായിരിക്കുന്നതാണ്. ഉദ്യോഗാർത്ഥി ഓൺലൈൻ അപേക്ഷയിൽ തങ്ങളുടെ പരീക്ഷാകേന്ദ്രം തിരഞ്ഞെടുക്കേണ്ടതാണ്. യാതൊരു കാരണവശാലും ഒരിക്കൽ തിരഞ്ഞെടുത്ത പരീക്ഷാ കേന്ദ്രത്തിൽ മാറ്റം അനുവദിക്കുന്നതല്ല . ഏതെങ്കിലും പരീക്ഷാ കേന്ദ്രങ്ങൾ കൂട്ടിച്ചേർക്കുന്നതിനോ നീക്കം ചെയ്യുന്നതിനോ ഉള്ള അധികാരം ഹൈക്കോടതിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ഉദ്യോഗാർത്ഥിക്ക് തങ്ങൾ തിരഞ്ഞെടുത്ത പരീക്ഷാകേന്ദ്രം മാറ്റി വേറൊന്ന് അനുവദിക്കാനുള്ള അധികാരവും ഹൈക്കോടതിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ് .

9. പ്രായം, വിദ്യാഭ്യാസ യോഗ്യത, സമുദായം, നോൺ ക്രീമിലെയർ പദവി, മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഉദ്യോഗാർത്ഥികൾ (EWS) എന്നിവ സംബന്ധിച്ച അസൽ രേഖകൾ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ് . അല്ലാത്തപക്ഷം ഉദ്യോഗാർത്ഥിയുടെ അപേക്ഷ അസാധുവാകുന്നതാണ്.

10. ഭാരത സർക്കാരിനോ /ഏതെങ്കിലും സംസ്ഥാന സർക്കാരിനോ കീഴി ൽ സേവനമനുഷ്ഠിക്കുന്ന വ്യക്തി അപേക്ഷ സമർപ്പിക്കുമ്പോൾ അക്കാര്യം ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും ആവശ്യപ്പെടുമ്പോൾ No Objection Certificate ഹാജരാക്കേണ്ടതുമാണ്.

11. ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുമ്പോൾ ഉദ്യോഗാർത്ഥി വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന യോഗ്യതകളും മറ്റു നിർദ്ദേശങ്ങളും പൂർണ്ണമായും പാലിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. ആവശ്യപ്പെടുന്ന എല്ലാ

യോഗ്യതകളും ഉദ്യോഗാർത്ഥി ആർജ്ജിച്ചവയായിരിക്കണം. അപേക്ഷയിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ കൃത്യമാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പാക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷയിൽ അതത് ചോദ്യങ്ങൾക്കു നേരെ അവകാശപ്പെടാത്ത ഒന്നും തന്നെ പിന്നീടുള്ള ഘട്ടങ്ങളിൽ സ്വീകരിക്കപ്പെടുന്നതല്ല . തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതെങ്കിലും ഘട്ടത്തിൽ ഉദ്യോഗാർത്ഥിയ്ക്ക് ആവശ്യമായ യോഗ്യതയില്ലെന്ന് ബോദ്ധ്യപ്പെടുകയോ ഏതെങ്കിലും സാരമായ വസ്തുതകൾ മന:പൂർവ്വം മറച്ചു വയ്ക്കുകയോ ചെയ്തെന്ന് ബോധ്യപ്പെട്ടാൽ അയാളുടെ അപേക്ഷ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. നിയമനത്തിനുശേഷവും ഇത് സംബന്ധിച്ച് ഏതെങ്കിലും ന്യൂനതകൾ കണ്ടുപിടിക്കപ്പെട്ടാൽ, അയാളുടെ സേവനം അവസാനിപ്പിക്കുകയും അനുയോജ്യമായ നിയമ/അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

12. വിജ്ഞാപനത്തിൽ പരാമർശിച്ചിരിക്കുന്ന യോഗ്യതകൾക്കും, മാനദണ്ഡങ്ങൾക്കും, നിർദ്ദേശങ്ങൾക്കും അനുസരണമല്ലാതെ സമർപ്പിക്കുന്ന അപേക്ഷകൾ തൽക്ഷണം നിരസിക്കുന്നതാണ്.

13. ഏതെങ്കിലും വിധത്തിലുള്ള ശുപാർശകൾ ഉദ്യോഗാർത്ഥിയുടെ അപേക്ഷ അസാധുവാക്കുന്നതാണ്.

14. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ ഭാഗം 2 ലെ 14 മുതൽ 17 വരെയുള്ള ചട്ടങ്ങൾ പ്രകാരമുള്ള സംവരണ വ്യവസ്ഥകൾക്കും ഈ ആവശ്യത്തിന് കാലാകാലങ്ങളിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾക്കും അനുസൃതമായിട്ടായിരിക്കും.

## 15. അപേക്ഷിക്കേണ്ട വിധം

a) ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിന് രണ്ടു ഭാഗങ്ങൾ ഉണ്ട് . 'STEP -I ഉം STEP-II' ഉം. ഉദ്യോഗാർത്ഥികൾ 'STEP -I /New Applicant' എന്ന ഭാഗത്തിൽ രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. ഇങ്ങനെ STEP -I ൽ രജിസ്റ്റർ ചെയ്തിട്ട് രണ്ടാമത്തെ ഭാഗമായ 'STEP-II/ Registered Applicant' പൂർത്തിയാക്കേണ്ടതാണ്. ഇപ്രകാരം STEP-I ഉം STEP-II ലെ Final Submission ഉം അപേക്ഷാഫീസ് അടയ്ക്കുന്നതും (ബാധകമെങ്കിൽ) ഉൾപ്പെടെയുള്ള ഭാഗങ്ങളും പൂർത്തിയാക്കിയാൽ മാത്രമേ ഒരു ഉദ്യോഗാർത്ഥിയുടെ ഓൺ ലൈ ൻ വഴിയുള്ള അപേക്ഷ സമർപ്പിക്കുന്ന പ്രക്രിയ പൂർണ്ണമാകുകയുള്ളൂ .

b) ഉദ്യോഗാർത്ഥികൾക്ക് സാധുതയുള്ള മൊബൈൽ നമ്പറും ഇ-മെയിൽ വിലാസവും ഉണ്ടായിരിക്കേണ്ടതും തിരഞ്ഞെടുപ്പ് പ്രക്രിയ കഴിയുന്നതുവരെ അത് നിലനിർത്തേണ്ടതുമാണ്. ഒരിക്കൽ സമർപ്പിച്ച മൊബൈൽ നമ്പറും ഇ-മെയി ൽ വിലാസവും മാറ്റുന്നതിനുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല. തിരഞ്ഞെടുപ്പ് പ്രക്രിയയെ സംബന്ധിച്ച വിവിധ വിവരങ്ങൾ ടി മൊബൈൽ നമ്പർ/ ഇ-മെയിൽ വിലാസത്തിലേക്ക് SMS/e-mail ആയി അയക്കുന്നതാണ്.

c) ഉദ്യോഗാർത്ഥിക്ക് സാധുതയുള്ള ഇ -മെയി ൽ വിലാസം ഇല്ലെങ്കിൽ, ഓൺലൈൻ ആയി അപേക്ഷ അയക്കുന്നതിനു മുമ്പ്, അയാൾ/ അവൾ സ്വന്തം ഇ -മെയി ൽ ഐ .ഡി. ഉണ്ടാക്കേണ്ടതാണ്.

d) ഉദ്യോഗാർത്ഥി മൊബൈൽ നമ്പറും ഇ-മെയി ൽ വിലാസവും നൽകുന്നില്ലെങ്കിൽ ഇത് സംബന്ധിച്ച യാതൊരു വിവരങ്ങളും അയാൾക്ക് അയക്കുന്നതല്ല. അങ്ങനെയുള്ളപക്ഷം ഉദ്യോഗാർത്ഥി റിക്രൂട്ട്മെന്റ് പോർട്ടൽ ഇടയ്ക്കിടെ സന്ദർശിച്ച് തിരഞ്ഞെടുപ്പ് പ്രക്രിയയെ സംബന്ധിച്ച വിവരങ്ങൾ മനസ്സിലാക്കേണ്ടതാണ്.

e) റിക്രൂട്ട്മെന്റ് നമ്പർ 13/2022 (റെഗുലർ ഒഴിവുകൾ), റിക്രൂട്ട്മെന്റ് നമ്പർ 12/2022 (എൻ.സി.എ ഒഴിവ്) എന്നീ തസ്തികകളിലേയ്ക്കുള്ള ഓൺലൈൻ അപേക്ഷാഫോം പൊതുവായിരിക്കും.

f) ഷോഫർ ഗ്രേഡ് II തസ്തികയിലേയ്ക്ക് രണ്ടു റിക്രൂട്ട്മെന്റ് നമ്പറുകളിലേയ്ക്കും അപേക്ഷ സമർപ്പിക്കാൻ താല്പര്യപ്പെടുന്നവർ ഓരോ റിക്രൂട്ട്മെന്റ് നമ്പറിനും പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതില്ല. Step-I ൽ തസ്തിക തെരഞ്ഞെടുത്തതിനുശേഷം ലഭ്യമാകുന്ന പേജിൽ അപേക്ഷ സമർപ്പിക്കാൻ ആഗ്രഹിക്കുന്ന റിക്രൂട്ട്മെന്റ് നമ്പറുകളിൽ ക്ലിക് ചെയ്യുക. രണ്ടു റിക്രൂട്ട്മെന്റ് നമ്പറിനും ഒരുമിച്ച് അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ അപേക്ഷ ഫീസ് ഒരു തവണ അടച്ചാൽ മതിയാകും. ഓരോ റിക്രൂട്ട്മെന്റ് നമ്പറിനും പ്രത്യേകം അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ അപേക്ഷ ഫീസ് രണ്ടു തവണ അടയ്ക്കേണ്ടിവരികയും എഴുത്തു പരീക്ഷയിൽ പൊതു ഉദ്യോഗാർത്ഥി എന്ന പദവി നഷ്ടപ്പെടുകയും ചെയ്യും. രണ്ടു റിക്രൂട്ട്മെന്റ് നമ്പറിലേയ്ക്കും തിരഞ്ഞെടുപ്പ് നടത്തുന്നത് പൊതു പരീക്ഷ മുഖേന ആയതിനാൽ രണ്ടു റിക്രൂട്ട്മെന്റിനും അപേക്ഷ സമർപ്പിക്കുന്നവർ ഓരോന്നിനും പ്രത്യേകം അപേക്ഷ സമർപ്പിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

g) ഓൺലൈൻ അപേക്ഷ അയക്കുന്നതിനു മുമ്പ്, ഉദ്യോഗാർ ത്ഥി താഴെ കാണുന്ന പ്രകാരം ഫോട്ടോയുടെയും ഒപ്പിന്റെയും സ്കാൻ ചെയ്ത ഡിജിറ്റൽ ഇമേജ് (പെൻ ഡ്രൈവിലോ സി.ഡി യിലോ) തയ്യാറാക്കി വയ്ക്കേണ്ടതാണ്.

| Sl.No. | Image | File size | Dimensions (should be the exact size) | |
|---|---|---|---|---|
| | | | Height | Width |
| 1 | Photograph | 20 KB to 40 KB | 200 pixels | 150 pixels |
| 2 | Signature | 10 KB to 20 KB | 100 pixels | 150 pixels |

h) കൂടുതൽ വിവരങ്ങൾ ക്ക് പ്രധാന പേജിൽ കാണുന്ന "Guidelines for photo & signature" എന്ന ലിങ്ക് കാണുക. ഉദ്യോഗാർത്ഥിയുടെ ഫോട്ടോ Upload ചെയ്യുന്നത് മികച്ച നിലവാരത്തിലുള്ളത് ആയിരിക്കാൻ ശ്രദ്ധിക്കുക . അല്ലെങ്കിൽ എഴുത്തു പരീക്ഷയുടെ Admission Ticket ൽ അച്ചടിച്ചുവരുന്ന ഉദ്യോഗാർത്ഥിയുടെ ഫോട്ടോ തിരിച്ചറിയാൻ പറ്റാതെ വരികയും തദ്വാരാ പരീക്ഷ എഴുതാൻ അനുമതി കിട്ടാതെ പോകുകയും ചെയ്യും.

i) ഉദ്യോഗാർത്ഥിയുടെ വിദ്യാഭ്യാസയോഗ്യതയും മറ്റു വ്യക്തി വിവരങ്ങളും ഓൺലൈൻ അപേക്ഷയിൽ പൂരിപ്പിക്കേണ്ടതാകയാൽ അത് മുൻ കൂട്ടി തയ്യാറാക്കി വയ്ക്കേണ്ടതാണ് . ഏതൊക്കെ വിവരങ്ങളാണ് ചോദിക്കുന്നത് എന്നറിയാൻ പ്രധാന പേജിൽ കാണുന്ന "Sample application form" എന്ന ലിങ്ക് കാണുക.

j) അപേക്ഷകൾ സമർ പ്പിക്കുന്നതിന് വെബ് പേജിന്റെ വലതുവശത്തു കാണുന്ന Apply Online ന് താഴെ കാണുന്ന STEP -I /New Applicant' എന്ന ലിങ്ക് ക്ലിക്ക് ചെയ്യുക. തുടർ ന്ന് അടുത്ത പേജിലെ Posts എന്ന തലക്കെട്ട് പ്രത്യക്ഷമാകുന്നു. ഇവിടെ കാണുന്ന CHAUFFEUR GRADE II എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് RECRUITMENT OF CHAUFFEUR GRADE II ന്റെ പ്രധാന പേജിലേക്ക് പ്രവേശിക്കാം. തുടർന്ന് മുന്നോട്ടു പോകുന്നതിനു മുമ്പായി അവിടെ നൽകിയിരിക്കുന്ന How to Apply, Guidelines for Photo & Signature, FAQ, Sample Application Form എന്നിവ വിശദമായി വായിക്കുക.

k) ഉദ്യോഗാർത്ഥികൾ ക്ക് തങ്ങളെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ നൽകാനുള്ളതാണ് ' STEP-I/New Applicant' എന്ന ഭാഗം. ഇവിടെ നൽകുന്ന വിവരങ്ങൾ Submit ചെയ്തു കഴിഞ്ഞാൽ തിരുത്തുകൾ വരുത്തുവാൻ പറ്റാത്തതാകുന്നു.

l) STEP-I പൂർത്തിയാക്കുമ്പോൾ ഉദ്യോഗാർത്ഥിയോട് ഒരു Key Number ഉണ്ടാക്കാൻ ആവശ്യപ്പെടുന്നു. ഈ Key Number 8 (എട്ട്) ഡിജിറ്റ് ദൈർഘ്യമുള്ളതും അതിൽ കുറഞ്ഞപക്ഷം A,B,C, etc... എന്നീ അക്ഷരങ്ങളി ൽ ഒന്നും a,b,c, etc... എന്നീ അക്ഷരങ്ങളി ൽ ഒന്നും 1, 2, 3, etc... എന്നീ അക്കങ്ങളിൽ ഒന്നും !, @, $, %, ^, *, { , } എന്നീ ചിഹ്നങ്ങളിൽ ഒന്നും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. തിരഞ്ഞെടുപ്പു പ്രക്രിയയുടെ വിവിധ ഘട്ടങ്ങളി ൽ വെബ് സൈറ്റിൽ പ്രവേശിക്കുന്നതിന് ഈ കീ നമ്പർ ആവശ്യമായതിനാൽ അത് കുറിച്ചെടുത്ത് സൂക്ഷിക്കേണ്ടതാണ്. യാതൊരു കാരണവശാലും ഈ കീ നമ്പർ മറ്റൊരാളോട് വെളിപ്പെടുത്താതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. Step-I ൽ അടുത്തതായി ലഭ്യമാകുന്ന conformation screen ൽ ഉദ്യോഗാർത്ഥി തങ്ങൾ നല്കിയ ജാതി, മതം, സംവരണ വിഭാഗം തുടങ്ങിയ വിവരങ്ങൾ കൃത്യമെന്ന് ഉറപ്പാക്കേണ്ടതാണ്.

m) 'STEP -I /New Applicant ' പൂ ർ ത്തിയാക്കി കഴിയുമ്പോൾ ഉദ്യോഗാർത്ഥിക്ക് ഒരു ആപ്ലിക്കേഷൻ നമ്പർ നൽകുകയും അതു സ്ക്രീനിലും SMS/e-mail വഴിയും ലഭ്യമാകുകയും ചെയ്യും. ഉദ്യോഗാർത്ഥിക്ക് താല്പര്യമെങ്കിൽ മേൽ സ്ക്രീനിൽ കാണുന്ന 'proceed button' ൽ ക്ലിക്ക് ചെയ്ത് തുടർന്നുള്ള ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ നല്കി ഓൺ ലൈൻ അപേക്ഷ സമർപ്പണം പൂർത്തിയാക്കുകയോ അല്ലെങ്കി ൽ ലോഗ് ഔട്ട് ചെയ്യുകയോ ചെയ്യാവുന്നതാണ്.

n) ഉദ്യോഗാർത്ഥി ലോഗ് ഔട്ട് ചെയ്യുകയാണെങ്കിൽ വീണ്ടും Step-II ൽ ലോഗിൻ ചെയ്യുന്നതിനായി application number ഉം key number ഉം നല്കേണ്ടതാണ്.

o) Step-II ൽ Upload Photo and Signature എന്ന ലിങ്ക് ലഭ്യമാണ്. ഫോട്ടോയും ഒപ്പും upload ചെയ്തതിനു ശേഷം മാത്രമേ Application എന്ന ലിങ്ക് പ്രവർത്തനക്ഷമമാകുകയുള്ളൂ. STEP-II ൽ നൽകുന്ന വിവരങ്ങളിൽ ആവശ്യമെങ്കിൽ 'Final Submission' ന് മുമ്പുവരെ മാറ്റങ്ങൾ വരുത്താവുന്നതാണ്. എന്നാൽ ഫോട്ടോയും ഒപ്പും ഒരിക്കൽ upload ചെയ്താൽ അത് അന്തിമമായിരിക്കും. ഉദ്യോഗാർത്ഥി Application എന്ന ലിങ്കിൽ ചോദിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും അതിനനുസരണമായി വരുന്ന ഉപ ലിങ്കുകൾ ക്കും (തൊഴിൽ, സേവന, സിവിൽ/ ക്രിമിനൽ കേസുകൾ തുടങ്ങിയവ) ശരിയായവിധം ഉത്തരം നല്കിയാ ൽ മാത്രമേ 'Final submission' എന്ന ലിങ്ക് ലഭ്യമാകുകയുള്ളൂ.

p) Online application ൽ നൽകിയിരിക്കുന്ന വിവരങ്ങളെല്ലാം പൂർണ്ണവും ശരിയും ആണെന്ന് ഉറപ്പുവരുത്തിയതിനുശേഷം ഉദ്യോഗാർത്ഥികൾ "Final Submission ' ലിങ്ക് ക്ലിക്ക് ചെയ്യുകയും അവിടെ ആവശ്യപ്പെട്ട വിവരങ്ങൾ നൽകി തുടർ ന്ന് ' Proceed' ബട്ടൺ ക്ലിക്ക് ചെയ്യുകയും വേണം. മേൽ പ്പറഞ്ഞപ്രകാരം 'Final Submission ' നു ശേഷം 'Proceed ' ബട്ടൺ ക്ലിക്ക് ചെയ്യുന്നതോടുകൂടി മാത്രമാണ് ഒരു ഉദ്യോഗാർത്ഥിയുടെ ഓൺലൈൻ ആയുള്ള അപേക്ഷാ സമർപ്പണം പൂർത്തിയാകുന്നത്. Final submission ചെയ്തു കഴിഞ്ഞാൽ അപേക്ഷയിൽ യാതൊരു മാറ്റവും വരുത്തുവാൻ പറ്റുന്നതല്ല.

q) അപേക്ഷ ഫീസ് അടക്കുന്നതാണ് ഓൺലൈൻ അപേക്ഷ സമർപ്പണത്തിന്റെ അവസാന ഘട്ടം. തൊട്ടു മുകളിലെ ഖണ്ഡികയിൽ പറയുന്ന പ്രകാരം 'Final submission' ചെയ്തിട്ട് നിർദ്ദിഷ്ട തീയതിക്കുളിൽ അപേക്ഷാഫീസ് (ബാധകമെങ്കിൽ) അടക്കേണ്ടതാണ്. അപേക്ഷാഫീസ് അടച്ചിട്ടില്ലെങ്കിൽ അപേക്ഷകൾ അപൂർണ്ണമായിരിക്കുകയും അങ്ങനെയുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ പരിഗണിക്കാതെ പോകുന്നതുമാണ്.

r) അപേക്ഷാഫീസ് ഓൺ ലൈൻ ആയോ (ഡെബിറ്റ് കാ ർ ഡ് / ക്രഡിറ്റ് കാർഡ് / നെറ്റ് ബാങ്കിങ്ങ്) ഓഫ് ലൈൻ ആയോ (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഏതെങ്കിലും ശാഖകൾ വഴി Fee payment challan മുഖേന ഫീസ് അടക്കുന്നത്) അടക്കാവുന്നതാണ് (ഡി.ഡി/ ചെക്ക്/ മണി ഓർഡർ/ പോസ്റ്റ ൽ ഓർഡർ എന്നീ വിധം ഫീസ് അടക്കുന്നത് സ്വീകരിക്കുന്നതല്ല). ഉദ്യോഗാർത്ഥികൾ ഫീസ് അടക്കാനുള്ള Website ൽ നൽകിയിട്ടുള്ള നിബന്ധനകളും നിർദ്ദേശങ്ങളും സശ്രദ്ധം വായിച്ചു മനസിലാക്കേണ്ടതാണ്. മുകളിൽ പറഞ്ഞ രണ്ട് വിധത്തിലും ഉള്ള ഫീസ് സമർപ്പണം അപേക്ഷയുടെ 'FINAL SUBMISSION' നു ശേഷം മാത്രമേ സാധിക്കുകയുള്ളൂ. ഉദ്യോഗാർത്ഥി ഉപയോഗിക്കുന്ന വെബ് ബ്രൗസർ അപേക്ഷ ഫീസ് അടക്കുന്ന ബാങ്കിന്റേതുമായി തുല്യമെങ്കിൽ അപേക്ഷ ഫീസ് സമർപ്പണം സുഗമമായി നടത്തുവാൻ കഴിയും .

   i) Step-I ആരംഭിക്കുന്ന തീയതി മുതൽ ഓൺലൈൻ ആയി ഫീസ് അടക്കാനുള്ള സൗകര്യം ലഭ്യമാണ്. അതിനായി, ഉദ്യോഗാർ ത്ഥിയുടെ profile ൽ ലഭ്യമാകുന്ന 'Fee payment' ലിങ്കിൽ ക്ലിക്ക് ചെയ്തു സ്ക്രീനിൽ തുടർന്നു വരുന്ന നിർദ്ദേശാനുസരണം ഫീസ് അടക്കുക.
   ii) Step-II ന് നിശ്ചയിച്ചിരിക്കുന്ന അവസാന തീയതിക്കു ശേഷം മാത്രമേ ഓഫ് ലൈൻ ആയി ഫീസ് അടക്കാൻ പറ്റുകയുള്ളൂ. Step-II ന് നിശ്ചയിച്ചിരിക്കുന്ന അവസാന തീയതിവരെ ഉദ്യോഗാർത്ഥിയുടെ profile ൽ നിന്ന് ഓഫ് ലൈൻ ആയി ഫീസ് അടക്കുന്നതിനുള്ള ചെല്ലാൻ ഡൗൺലോഡ് ചെയ്യാവുന്നതാണ് . മേൽ പറഞ്ഞ തീയതിക്കുശേഷം system generated ചെല്ലാൻ ലഭ്യമാകുന്നതല്ല . അതിനാൽ Step-II ന് നിശ്ചയിച്ച അവസാന തീയതിക്കു മുമ്പ് ചെല്ലാൻ ഡൗൺ ലോഡ് ചെയ്യാൻ ഉദ്യോഗാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ ചെല്ലാൻ മുഖേന ഫീസ് അടക്കുന്നത് അതിനായി നിശ്ചയിച്ചിരിക്കുന്ന അവസാന തീയതി വരെ നടത്താവുന്നതാണ്.

s) ഫീസ് അടയ്ക്കേണ്ട ഉദ്യോഗാർത്ഥികൾക്ക് ശരിയായ വിധം ഫീസ് അടയ്ക്കുന്ന അവസരത്തിൽ മാത്രമാണ് ഓൺലൈൻ അപേക്ഷ സമർപ്പണം പൂർത്തിയാകുന്നത്.

t) അപേക്ഷയുടെ പ്രിന്റൌട്ട് എടുത്ത് ഉദ്യോഗാർത്ഥികൾക്ക് സൂക്ഷിച്ചു വയ്ക്കാവുന്നതാണ്. അപേക്ഷയുടെ പ്രിന്റൌട്ടോ മറ്റേതെങ്കിലും രേഖകളോ ഹൈക്കോടതിയിലേക്ക് അയച്ചുതരേണ്ട ആവശ്യമില്ല.

## 16. എഴുത്തു പരീക്ഷ/പ്രായോഗിക പരീക്ഷ/അഭിമുഖം എന്നിവയ്ക്കുള്ള അഡ്മിഷൻ ടിക്കറ്റുകൾ/കോൾ ലെറ്ററുകൾ

(i) റിക്രൂട്ട്മെന്റ് പോർട്ടലിലെ (www.hckrecruitment.nic.in) STEP-II/Registered Applicant എന്ന് ലിങ്കിൽ നിന്നും അഡ്മിഷൻ ടിക്കറ്റുകൾ /കാൾലെറ്ററുകൾ ഡൌ ൺ ലോഡ് ചെയ്യേണ്ടതാണ്.

(ii) എഴുത്തു പരീക്ഷയ്ക്കുള്ള അഡ്മിഷൻ ടിക്കറ്റുകൾ പരീക്ഷാതീയതിയുടെ മൂന്ന് ആഴ്ചകൾക്ക് മുമ്പും അഭിമുഖത്തിനുള്ള കാൾലെറ്ററുകൾ രണ്ടാഴ്ചക്ക് മുമ്പും ഡൌൺ ലോഡ് ചെയ്യാൻ ലഭ്യമാകുന്നതും ആ വിവരം SMS/e-mail മുഖേന അറിയിക്കുന്നതുമാണ്. പ്രായോഗിക പരീക്ഷ/അഭിമുഖത്തിനുള്ള കാൾലെറ്ററുകൾ അതത് ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന ഉദ്യോഗാർത്ഥികൾക്കാണ് ലഭ്യമാകുന്നത്.

(iii) അഡ്മിഷൻ ടിക്കറ്റ് /കാൾലെറ്റർ ഡൌൺ ലോഡ് ചെയ്യാൻ സാധിക്കുന്നില്ലെങ്കിൽ ഹൈക്കോടതിയിലെ 0484-2562235 എന്ന നമ്പരി ൽ ബന്ധപ്പെടേണ്ടതാണ്. അഡ്മിഷൻ ടിക്കറ്റ് /കാൾലെറ്റർ ലഭ്യമല്ല എന്ന് എഴുത്ത് പരീക്ഷയ്ക്ക് /പ്രായോഗിക പരീക്ഷക്ക്/അഭിമുഖത്തിന് ഒരാഴ്ച മുമ്പെങ്കിലും ഹൈക്കോടതിയിലെ ബന്ധപ്പെട്ട വിഭാഗത്തെ അറിയിച്ചില്ലെങ്കിൽ, അഡ്മിഷൻ ടിക്കറ്റ്/കാൾലെറ്റർ ലഭ്യമല്ലാത്തത് സംബന്ധിച്ച ഉത്തരവാദിത്തം പൂർണ്ണമായും ഉദ്യോഗാർത്ഥിയ്ക്ക് തന്നെയായിരിക്കും. എഴുത്തു പരീക്ഷയുടെ/പ്രായോഗിക പരീക്ഷയുടെ/ അഭിമുഖത്തിന്റെ തീയതിയെപ്പറ്റി അറിയുന്നതിന് ആഴ്ചയിൽ ഒരിക്കലെങ്കിലും

ഉദ്യോഗാർത്ഥികൾ ഹൈക്കോടതിയുടെ റിക്രൂട്ട്മെന്റ് പോർട്ടൽ (www.hckrecruitment.nic.in) സന്ദർശിക്കേണ്ടതാണ് .

(iv) ഓൺലൈൻ അപേക്ഷയിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ അടിസ്ഥാനമാക്കി ഉദ്യോഗാർത്ഥികളെ എഴുത്തുപരീക്ഷയ്ക്ക്/പ്രായോഗിക പരീക്ഷയ്ക്ക് പങ്കെടുക്കാൻ താൽക്കാലികമായാണ് അനുവദിക്കുന്നത് . ഈ അപേക്ഷ വിശദമായ പരിശോധനയ്ക്ക് പിന്നീട് വിധേയമാക്കുന്നതാണ്.

(v) മേൽപ്പറഞ്ഞ ഏതെങ്കിലും പരീക്ഷയ്ക്ക് പ്രവേശനം നൽകിയതുകൊണ്ട് ഉദ്യോഗാർത്ഥികൾ അപേക്ഷയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൃത്യമാണെന്നും നിയമനത്തിന് അർഹരാണെന്നും കണക്കാക്കാവുന്നതല്ല. ഉദ്യോഗാർത്ഥി അഭിമുഖത്തിന് യോഗ്യനാകുന്ന വേളയിൽ അപേക്ഷയിൽ അവകാശപ്പെടുന്ന വസ്തുതകൾ അസൽ പ്രമാണങ്ങളുമായി ഒത്തു നോക്കിയതിനു ശേഷം മാത്രമാണ് യോഗ്യതയെ സംബന്ധിച്ച് അന്തിമ തീരുമാനം എടുക്കുന്നത്.

17. **<u>അപേക്ഷ അയക്കുന്നത് സംബന്ധിച്ച പ്രധാന തീയതികൾ</u>**

| | |
|---|---|
| ഓൺലൈനായി അപേക്ഷകൾ (സ്റ്റെപ്പ് -I & സ്റ്റെപ്പ് -II) സമർപ്പിച്ചു തുടങ്ങേണ്ട തീയതി | 22.08.2022 |
| സ്റ്റെപ്പ് -I അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | 16.09.2022 |
| സ്റ്റെപ്പ് -II അപേക്ഷ സമർപ്പിക്കേണ്ടതും ഓൺലൈനായി അപേക്ഷ ഫീസ് അടക്കേണ്ടതും ഓഫ് ലൈനായി ഫീസ് അടക്കേണ്ട ചെല്ലാൻ ഡൗൺലോഡ് ചെയ്യേണ്ടതുമായ അവസാന തീയതി | 23.09.2022 |
| ഓഫ് ലൈനായി അപേക്ഷ ഫീസ് അടച്ചു തുടങ്ങാവുന്നത് | 28.09.2022 |
| ഓഫ് ലൈനായി അപേക്ഷ ഫീസ് അടക്കേണ്ട അവസാന തീയതി | 10.10.2022 |

18. ഉദ്യോഗാർത്ഥി അപേക്ഷകൾ അവസാന തീയതിവരെ കാത്തിരിക്കാതെ സമർപ്പിക്കുകയാണെങ്കിൽ റിക്രൂട്ട്മെന്റ് പോർട്ടിലിൽ അവസാന തീയതി ലോഗിൻ ചെയ്യുമ്പോഴുണ്ടാകുന്ന തിരക്കുകൾ ഒഴിവാക്കാവുന്നതാണ്.

19. സംശയ നിവാരണത്തിനായി ഉദ്യോഗാർത്ഥികൾ വിളിക്കേണ്ടനമ്പർ : 0484-2562235 (റിക്രൂട്ട്മെന്റ് & എക്സാമിനേഷൻ സെൽ, ഹൈക്കോടതി) പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണിക്കും വൈകിട്ട് 4.30 നും മദ്ധ്യേ

ഉത്തരവിൻ പ്രകാരം

ജി. രതി
രജിസ്ട്രാർ റിക്രൂട്ട്മെന്റ്